**GOVERNMENT OF KERALA**

**Abstract**

Health & Family Welfare Department – Order of the the Hon'ble Kerala Administrative Tribunal in OA No.74/2014 filed by Sri. B.R Remadevi. Junior Public Health Nurse Grade II - Complied with Orders issued

**Health & Family Welfare(C)Department**

G.O.(Rt)No.2598/2021/H&FWD Dated,Thiruvananthapuram, 23/11/2021

Read 1 G.O(Rt)No.4245/2011/ H&FWD dated 09.12.2011

2 17321/C1/2013/H&FWD dated 19.10.2013

3 Final Order dated 22/10/2019 of the Hon'ble Kerala Administrative Tribunal in O.A No.74/2014 filed by Smt. B.R Remadevi.

4 Letter No. FWA4-13986/14/DHS, dated 04.02.2020 of the Director of Health Services, Thiruvananthapuram

5 Judgment dated 10.02.2021 in OP(KAT)No.47/2021 in O.A No.74/2014

6 Order dated 17/11/2021 in C(P)C No.1625 of 2021(s) in OP(KAT) 47/2021

**ORDER**

As per the Government order read as Ist paper above, Smt. Remadevi. B.R, Junior Public Health Nurse, Community Health Centre, Kesavapuram was granted Leave Without Allowances otherwise than on Medical Certificate under Rule 88, Part I KSRs,on condition that the said leave period will not count for increment, higher grade, pension and accumulation of earned leave. Aggrieved by the above the applicant submitted Annexure A7 representation before Government and Government as per the letter read as 2nd paper above has rejected the request by Annexure A10 order stating the reason that there is no need to modify Annexure A6 order. Aggrieved by the conditions imposed in Annexure A6 order, the applicant filed O.A

No.74/2014 before the Hon'ble Kerala Administrative Tribunal seeking to quash the conditions imposed and a direction to the first respondent to grant leave on medical ground as applied for.

2. The Hon'ble Kerala Administrative Tribunal in the order read as 3rd paper above has set aside Annexure A6 order and Annexure A10 order and directed the first respondent, ie Government to issue orders modifying Annexure A6 order within 2 months from the date of receipt of this order. Against the above order, Government have filed OP(KAT)No.47/2021.

3. The Director of Health Services in the letter read as 4th paper above has reported that the originals of fitness certificate and joining report were irrecoverably lost and later she submitted the copies of the same.It is evident from the report of the Director Health Services that the above details were lost from the Office of the Second respondent.

4. In the meanwhile, the Hon'ble Kerala Administrative Tribunal as per the judgment in the OP(KAT)No. 47/2021, read as 5 th above ordered that the time limit for compliance of the directions issued by the Hon'ble Tribunal as per Ext P5 order dated 22.10.2019 will stand extended by a further period of 6 weeks from the date of production of a certified copy of this judgment. Further it is directed the 2nd respondent to issue compliance order within the time limit.

5. In the meanwhile the petitioner filed Contempt petition C(P)C No.1625 of 2021 and the Hon'ble High Court in the order read as 6th paper above has observed that though the Administrative Department had taken the stand that the directions in Annexure A2 judgment has to be complied with, a contrary stand was taken by the Finance Department and therefore , the matter had to be referred to the higher functionary , for resolution and that the Ist respondent to submit before the court that the direction in the Annexure A2 judgment will be complied within 3 to 4 days .

6. In view of the order read as 6th paper above, Government have examined the matter in detail and found that the earlier request of the applicant for granting LWA on medical ground was rejected on the ground that the leave application was not accompanied by medical certificate and joining report. But from the report of the DHS it is seen that the applicant had submitted the same and the second

respondent has forwarded to the Government. But the documents were reported as irrecoverably lost in transit. The applicant cannot held responsible for the same. Therefore taking a lenient view in the matter Government are pleased to grant LWA on medical ground to B.R Remadevi for the period from 26.2.2001 to 31.12.2001,under Rule 88, Part I KSRs, subject to the condition that the above period will not be counted for accumulation of Earned Leave.

7.The direction of the Hon'ble Kerala Administrative Tribunal in the order read as 3rd paper above is complied with accordingly.

(By order of the Governor)
Rajan Namdev Khobragade
Principal Secretary

To:

The Advocate General, Thiruvananthapuram (With C/L)

The Director of Health Services, Thiruvananthapuram

Smt. B. R. Remadevi, Junior Public Health Nurse, Community Health Centre, Kesavapuram.

The Medical Officer, Community Health Centre, Kesavapuram.

The Principal Accountant General (Audit), Kerala, Thiruvananthapuram

The Accountant General (A & BE), Kerala, Thiruvananthapuram os

Stock File /office copy

Forwarded /By order

Section Officer

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 15-12-2021

ഫയൽ നം. സി1/268/2019/ആകുവ. ഇനം നം: 442

വിഷയം : ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് - കോടതിയലക്ഷ്യ നടപടികൾ പരിഗണിച്ച്, ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് കേശവപുരം സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II, ശ്രീമതി. രമാദേവി ബി ആർ-ന് 26.02.2001 മുതൽ 31.12.2001 വരെയുള്ള കാലയളവിലെ ശൂന്യവേതനാവധി മെഡിക്കൽ ഗ്രൗണ്ടിൽ അനുവദിച്ചു കൊണ്ട് 23.11.2021 തീയതിയിൽ സ.ഉ.(സാധാ)നം.2598/2021/ആ.കു.വ. പുറപ്പെടുവിച്ച നടപടി സാധൂകരിക്കുന്നത്.

തീരുമാനം : സാധൂകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്.

Renjan 15.12.2021.

JtSecretary

442

# കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | സി1/268/2019- ആ.കു.വ |
| 2 | വകുപ്പ് | : | ആരോഗ്യ കുടുംബക്ഷേമ (സി വകുപ്പ് |
| 3 | വിഷയം | : | ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - കോടതിയലക്ഷ്യനടപടികൾ പരിഗണിച്ച്, ധനകാര്യവകുപ്പിന്റെ അഭിപ്രായം മറികടന്ന് ,കേശവപുരം സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II,ശ്രീമതി.രമാദേവി. ബി.ആർ -ന് 26.02.2001 മുതൽ 31.12.2001 വരെയുള്ള കാലയളവിലെ ശൂന്യവേതനാവധി മെഡിക്കൽ ഗ്രൗണ്ടിൽ അനുവദിച്ച് കൊണ്ട് 23.11.2021 തീയതിയിൽ സ.ഉ.(സാധാ)നം .2598 /2021 /ആ.കു.വ പുറപ്പെടുവിച്ച നടപടി സാധൂകരിക്കുന്നത് -സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 20/11/2021 |
| 5 | (i)ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : | അതെ |
| | (ii)സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുകളുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര്? | : | ശ്രീ.ദിലീപ് സി ഡി |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ഡോ.രാജൻ.എൻ.ഖൊബ്രാഗഡേ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 04.12.2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 07.12.2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീമതി. .വീണാ ജോർജ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 09.12.2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തിയതി | : | - 13.12.2021 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | | |

<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

കോടതിയലക്ഷ്യ നടപടികൾ കണക്കിലെടുത്ത്, ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന്, കേശവപുരം സാമൂഹികാരോഗ്യകേന്ദ്രത്തിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-II ആയ ശ്രീമതി.രമാദേവി. ബി.ആർ -ന് 26.02.2001 മുതൽ 31.12.2001 വരെയുള്ള കാലയളവിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ, കെ.എസ് .ആർ ഭാഗം 1 ചട്ടം 88 പ്രകാരം ശൂന്യവേതന അവധി അനുവദിച്ച് പുറപ്പെടുവിച്ച 23.11.2021 തീയതിയിലെ സ.ഉ.(സാധാ)നം .2598 /2021 /ആ.കു.വ ഉത്തരവ് സാധൂകരിക്കുന്നതു് സംബന്ധിച്ചുള്ളതാണ് മന്ത്രിസഭായോഗത്തിനുള്ള ഈ കുറിപ്പ്.

2.കേശവപുരം സാമൂഹികാരോഗ്യകേന്ദ്രത്തിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-II ആയിരുന്ന ശ്രീമതി.രമാദേവി. ബി.ആർ -ന്, 09.12.2011 ലെ സ.ഉ(സാധാ) നം.4245/2011/ആ.കു.വ ഉത്തരവ് പ്രകാരം, 26.02.2001 മുതൽ 31.12.2001 വരെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലല്ലാതെ, ടി കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി കണക്കാക്കൽ എന്നിവയ്ക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ.എസ് .ആർ ഭാഗം 1 റൂൾ 88 ശൂന്യവേതനാവധി അനുവദിച്ചുകൊണ്ട് ഉത്തരവായിരുന്നു .

3. മേൽ ഉത്തരവിനെതിരെ, പരാതിക്കാരി സർക്കാരിൽ പരാതി സമർപ്പിക്കുകയും, 09.12.2011 ലെ സ.ഉ(സാധാ)നം.4245/2011/ആ.കു.വ ഉത്തരവ് ഭേദഗതി വരുത്തേണ്ട ആവശ്യം ഇല്ലെന്നറിയിച്ച് ടിയാരി സമർപ്പിച്ച അപേക്ഷ 19.10.2013 ലെ 17321/സി1/13/ആ.കു.വ കത്ത് പ്രകാരം നിരസിക്കുകയും ചെയ്തിരുന്നു. തുടർന്ന്, മേൽ സർക്കാർ ഉത്തരവിൽ പരാമർശിച്ചിരുന്ന വ്യവസ്ഥകൾ ഒഴിവാക്കണമെന്നും, ടിയാരി അപേക്ഷിച്ച

പ്രകാരമുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധി അനുവദിക്കാൻ ഒന്നാം എതിർകക്ഷിയായ സർക്കാരിന് നിർദ്ദേശം നൽകണമെന്നും അപേക്ഷിച്ച് ടിയാരി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA.No.74/14 നമ്പർ കേസ് ഫയൽ ചെയ്യുകയുണ്ടായി.

4. OA.No.74/14 -ന് മേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ-ന്റെ 22.10.2019-ലെ ഉത്തരവ് താഴെ പറയും പ്രകാരമാണ്.

"the condition imposed as per Annexure A6 order that the period of leave availed by the applicant on medical ground will not count for service benefits is hereby set aside. Annexure AlO order also is set aside on the same ground. The first respondent is directed to issue orders modifying Annexure A6 order within 2 months from the date of receipt of this order".

5. അപേക്ഷകയ്ക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതന അനുവദിക്കുന്നത് സംബന്ധിച്ച് ഫയൽ ധനകാര്യ വകുപ്പിലേക്കയച്ചപ്പോൾ ടി വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു

" One of the observations made by Hon'ble KAT is that the Government have altered the nature of the leave applied by the incumbent. As per Note below Rule 65, Part I, the KSRs , the leave sanctioning authority should not change the nature of the leave applied for, at it's option. To change nature of leave would imply and mean that when an officer applies for LWA, the competent authority cannot, at his option, grant him another kind of leave-say for example, Earned Leave. The applicant should place before the leave sanctioning authority ample and convincing proof to corroborate, beyond any trace of doubt, the ground on which leave is applied for. In the instant case, the nature of the leave, i.e, LWA as requested by the incumbent has not been altered; only the ground on which LWA was sought was not admitted since the leave sanctioning authority has

the discretion to do so.

The cardinal principle of LWA is that it will not be considered for any service benefits. But when LWA is sanctioned on the strength of Medical Certificate, it would enable the officer concerned to secure for himself almost all service benefits. But it is observed that many employees misuse this facility and apply LWA on Medical Certificate for long periods with a view to enjoy all service benefits, flouting all guidelines for submission of application for LWA on MC. In order to avoid undue delay in submitting and processing leave applications, strict instructions have been issued vide Circular No. 36/94/Fin dt. 14/06/1994 wherein it is specified that LWA on MC for long periods including piecemeal applications shall be processed immediately so that the leave sanctioning authority will not be deprived of a chance to seek a second medical opinion if the genuineness of the MC is doubtful.

In the instant case, leave application reached government much later and so there was no opportunity to seek a second medical opinion in time as stipulated in Circular dt. 14/06/1994. Smt. B.R. Remadevi was therefore sanctioned LWA otherwise than on MC subject to the condition that the leave period will not count for increment, higher grade, pension and accumulation of earned leave. Note 1, below Rule 117, Part I, the KSRs says in unequivocal terms that possession of a Medical Certificate by itself does not confer on the employee any right to leave. So the discretion of the leave sanctioning authority is what matters. Moreover, if the request of the incumbent is considered favourably, large number of similarly placed claimants would approach Government leading to litigations and huge financial commitment in future.

In view of the facts detailed above, the request of Smt. B. R. Remadevi to sanction LWA on MC with all service benefits for the period

from 26.02.2001 to 31.12.2001 cannot be considered favourably and so the judgment of Hon'ble KAT dt. 22/10/2019 may not be complied with. Administriative Department is requested to consult Law Department and immediately file appeal in the Hon'ble High Court against the judgment of Hon'ble Tribunal dt. 22/10/2019. "

6.ധനകാര്യവകുപ്പ് അഭിപ്രായപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നിയമവകുപ്പുമായി കൂടിയാലോചിച്ചപ്പോൾ നിയമ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു:-

"ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 22/10/2019-ലെ OA No.74/2014-ലെ ഉത്തരവിൽ "The first respondent imposed conditions while sanctioning leave as per Annexure A6 only for the reason that it was not accompanied by medical certificate and joining report. But it is on record that the applicant had submitted the same and the second respondent has forwarded it to the first respondent. Therefore, even if the fitness certificate and joining report were lost in transit, the applicant cannot be held responsible for the same since the receipt of the same has been admitted by the second respondent and copies of the same were made available before the first respondent " എന്ന് നിരീക്ഷിച്ചു കൊണ്ടാണ് applicant - ന് അനുകൂലമായി വിധി പ്രസ്താവിച്ചിട്ടുള്ളത്. മേൽ സാഹചര്യത്തിൽ ബഹു ട്രൈബ്യൂണലിന്റെ 22/10/2019-ലെ OA No.74/2014 ലെ ഉത്തരവിനെതിരെ വിജയകരമായ അപ്പീലിന് സാധ്യതയില്ല എന്ന് ഭരണ വകുപ്പിനെ അറിയിക്കാവുന്നതാണ് ".

7. നിയമ വകുപ്പ് അഭിപ്രായപ്പെട്ടതനുസരിച്ച് ഫയൽ വീണ്ടും ധനകാര്യ വകുപ്പിലേക്ക് അയച്ചപ്പോൾ ടി വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി.

"It is regretted to observe that Law Department has not gone into the observations of Finance Department based on the KSRs. No concrete

argument has been raised by Law Department to review the earlier advice of Finance Department. Therefore, Administrative Department is informed that Finance sticks to our earlier stand vide Note # 18 AD NF . Attention of AD is also invited to Circular No. 36/94/Fin dt. 14/06/1994 wherein the stand of Finance Department in this case has been vindicated".

8. ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടതനുസരിച്ച്, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 22.10.2019-ലെ OA.No. 74/14-ലെ ഉത്തരവിനെതിരെ സർക്കാർ OP(KAT) No.47/21 ഫയൽ ചെയ്യുകയും, ടി കേസിലെ 10.02.2021 തീയതിയിൽ അന്തിമ വിധിന്യായത്തിൽ താഴെപ്പറയും പ്രകാരം ഉത്തരവാകുകയും ചെയ്തു.

"It is in the light of the above aspects that the tribunal has taken the view that the impugned orders would require interdiction and has thereupon quashed the impugned decision refered to to in Annexure A6 & A10 and has declared that the original applicant is entitled to the admissible benefits as if the leave during the period from 26.2.2001 to 31.12.2001 has been granted as leave on medical ground and to ensure that the Director of Health services should issue necessary orders in that regard within a period of three months from date of receipt of a copy of the order. In the light of these aspects, we find no ground to interfere with the well considered verdict rendered by the tribunal in the instant case, which resulted in the impugned Ext p5 final order dated 22.10.2019 in OA No.74/2014.

The Hon'ble Court ordered that the time limit for compliance of the directions issued by the Tribunal as per Ext P5 order dated 22.10.2019 will stand extended by a further period of 6 weeks from the date of production of a certified copy of this judgment. Further it is directed the 2nd respondent to issue compliance order within the time limit ".

9. നിയമവകുപ്പ് അഭിപ്രായപ്പെട്ടതിന്റെ വെളിച്ചത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം പുന:പരിശോധിക്കുന്നതിനായി ഫയൽ വീണ്ടും ധനകാര്യ വകുപ്പിലേക്കയച്ചപ്പോൾ, ധനകാര്യ വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു;

"Administrative Department is informed that 'Finance' sticks to our earlier remarks based on the KSRs vide Note # 18 ante. This has been the consistent stand in all similarly placed cases. Administrative Department is requested to file SLP before the Hon'ble Supreme Court. If we comply with the judgement of the Hon'ble High Court, large number of similarly placed claimants would approach Government leading to litigations and huge financial commitment in future."

10. ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, നിയമവകുപ്പിന്റെ അഭിപ്രായം പുന:പരിശോധിക്കാമോ എന്നതിലേക്ക് അഭിപ്രായത്തിനായി ഫയൽ നിയമവകുപ്പിലയച്ചപ്പോൾ ടി വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി;

" O.A.No. 74/2014 - ലെ 22/10/2019 - ലെ ട്രൈബ്യൂണൽ ഉത്തരവിനെതിരെ ബഹു . കേരള ഹൈക്കോടതി മുമ്പാകെ സർക്കാർ ഫയൽ ചെയ്ത O.P. (KAT)No. 47/2021 - ലെ 10/02/2021 - ലെ അന്തിമ വിധിന്യായം പ്രകാരം ബഹു . കോടതി O.P (KAT) ഡിസ്മിസ് ചെയ്യുകയും ബഹു . ഹൈക്കോടതിയുടെ വിധിയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭിച്ച് 6 ആഴ്ചക്കള്ളിൽ O.A. No. 74/2014 കേസിലെ ബഹു . ട്രൈബ്യൂണൽ ഉത്തരവ് പാലിക്കുന്നതിനായി നിർദ്ദേശിച്ചിട്ടുമുണ്ട് . പ്രസ്തുത വിധിന്യായത്തിൽ അപേക്ഷകയുടെ ലീവ്അപേക്ഷയോടൊപ്പം മതിയായ രേഖകൾ ഹാജരാക്കിയിരുന്നില്ലായെന്ന സർക്കാർ വാദം സംബന്ധിച്ചും അപേക്ഷ പരിഗണിക്കുന്നതിൽ വന്ന കാലതാമസം സംബന്ധിച്ചും ബഹു . ഹൈക്കോടതി ഇപ്രകാരം നിരീക്ഷിച്ചിട്ടുള്ളതാണ്" .-

A reading of Annexure A-5 letter dated 14.07.2011, would make it clear like day light that the Director of Health Services (DHS) has indeed stated therein that the original applicant had submitted the application in question along with all the supporting documents initially,therefore the only reasonable conclusion is that those documents would have been lost in transit from the office of the DHS department or later would have been lost irrecoverably from the office of the Governmental authorities concerned.

Indeed, there is no dispute that even the Government had responded to

the first time only after the long 2 1/4 years after the submission of the initial application by the original applicant, much earlier. Hence the Tribunal has found that the non-availability of the records are not on account of any fault of the applicant and has happened only on account of reasons totally beyond the control of the applicant and could have happened only on account of it being lost in the offices of any of the respondents in the O.A. The Tribunal has noted that it is mandated as per the Note appended to Rule 65 of Part I KSR that the nature of the leave due and applied for by an officer cannot be altered at the option of the sanctioning authority. Admittedly what has been applied for by the applicant is leave on medical ground and the Government has now sanctioned LWA other than on medical certificate on condition that the period of leave applied will not count for increment, higher grade, pension and accumulation of earned leave, etc. Further, the original applicant had applied for medical leave for the period from 26.02.2001 to 31.12.2001 submitting the requisite application and after availing leave she had joined duty later on 01.01.2002 and had produced the necessary medical certificate, fitness certificate and joining report. The said application and certificates would have been lost either transit or somewhere in either of the offices in question. It could merely on account of the non-availability of the records in the offices of the authorities concerned that not only the nature of the leave has been detrimentally altered but that it has also been ordered that the said leave shall not be counted for increment, higher grade, pension and accumulation of earned leave, etc. Therefore, the above said impugned decision now sought to be supported by the petitioners would be not against the statutory mandate contained in Rule 65 of Part I KSR and would also amount to an oppressive and capricious action in making the applicant suffer for more adverse civil consequences and while the fact of the matter is that the default could be only account of the documents being lost in either of the

offices in question. In other words, the impugned decision now imposed on the original applicant at the instance of the Government is nothing but arbitrary and capricious apart from being illegal and ultravires".

ബഹു . ഹൈക്കോടതിയുടെ മേൽ പരാമർശിച്ച നിരീക്ഷണങ്ങൾക്കെതിരായി മതിയായ കാരണം ബോധിപ്പിക്കാൻ കഴിയാത്ത പക്ഷം O.P. (KAT) No. 47/2021 കേസിലെ 10/02/2021 തീയതിയിലെ ബഹു . ഹൈക്കോടതിയുടെ വിധിന്യായത്തിനെതിരെ വിജയകരമായ അപ്പീൽ സാദ്ധ്യത വിരളമാണ് എന്ന് ഭരണ വകുപ്പിനെ അറിയിക്കാവുന്നതാണ്.

11. ഇതിനിടയിൽ, OP(KAT) 47/2021-ലെ 10.02.2021-ലെ അന്തിമ വിധിന്യായം നടപ്പിലാക്കാത്തതിനെത്തുടർന്ന് പരാതിക്കാരി ബഹു.ഹൈക്കോടതിയിൽ CPC No.1625/2021 ഫയൽ ചെയ്യുകയും, ആയതിന് മേൽ 17.11.2021 -ലെ ഉത്തരവിൽ ബഹു.ഹൈക്കോടതി താഴെപ്പറയും പ്രകാരം നിരീക്ഷിക്കുകയും ചെയ്തു.

" Though the Administrative Department had taken the stand that the directions in Annexure A2 judgment has to be complied with, a contrary stand was taken by the Finance Department and therefore, the matter had to be referred to the higher functionary, for resolution and that the 1st respondent to submit before the court that the direction in the Annexure A2 judgment will be complied within 3 to 4 days".

12.അപേക്ഷകയുടെ കാര്യത്തിൽ അനുകമ്പാർഹമായ സമീപനം കൈക്കൊണ്ട് OA.No.74/14-ലെ 22.10.2019-ലെ ഉത്തരവ് നടപ്പിലാക്കാമോ എന്നതിന്മേൽ ഉത്തരവിനായി ഫയൽ ബഹു.ആരോഗ്യവും വനിതാ-ശിശു വികസന വകുപ്പ് മന്ത്രി മുഖേന ബഹു.മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ ബഹു.മുഖ്യമന്ത്രി താഴെപ്പറയും പ്രകാരം ഉത്തരവിട്ടു.

"ധനമന്ത്രി കണ്ട മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുക".

13.Subsequently, Hon'ble Minister (Finance) has ordered as follows;

"കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഒരു പ്രത്യേക 'കേസ് ആയി അംഗീകരിക്കാവുന്നതാണ്. ബഹു. മുഖ്യമന്ത്രി കണ്ടാലും"

14. Hon'ble Chief Minister ordered as follows;-

"ഉത്തരവ് പുറപ്പെടുവിച്ചശേഷം മന്ത്രിസഭയുടെ സാധൂകരണത്തിന് സമർപ്പിക്കുക".

15. OP(KAT) No. 47/21-ലെ 10.02.2021-ലെ ബഹു.ഹൈക്കോടതിയുടെ വിധിന്യായം നടപ്പിലാക്കാത്തതിനെത്തുടർന്ന് പരാതിക്കാരി ഫയൽ ചെയ്ത CP(C) No. 1625/21 -ലെ 17.11.2021-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മെഡിക്കൽ സർട്ടിഫിക്കറ്റ്, ജോയിനിംഗ് റിപ്പോർട്ട് എന്നിവ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ല എന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് ടിയാരിക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലുള്ള ശൂന്യവേതനാവധി നിഷേധിച്ചതെന്നും, എന്നാൽ അപേക്ഷക പ്രസ്തുത രേഖകൾ, ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ടായിരുന്നു എന്നും, ആരോഗ്യ വകുപ്പ് ഡയറക്ടർ ടി രേഖകൾ സർക്കാരിലേക്ക് അയച്ചിട്ടുണ്ടായിരുന്നെന്നും, ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിൽ നിന്നും വ്യക്തമാണ്. എന്നാൽ DHS -നും സർക്കാരിനും മാർഗമദ്ധ്യേയാണ് ടി രേഖകൾ തിരിച്ചു കിട്ടാനാകാത്തവിധം നഷ്ടപ്പെട്ടതാണെന്ന് വ്യക്തമായി. ആയതിന് അപേക്ഷക ഉത്തരവാദിയല്ലെന്ന് കണ്ടെത്തുകയും, ആയതിനാൽ ഇക്കാര്യത്തിൽ ഉദാരപരമായ ഒരു സമീപനം സ്വീകരിക്കുകയും, ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് ടിയാരിക്ക് 26.02.2001-ൽ 31.12.2001 വരെ കാലയളവ് കെ.എസ്.ആർ ഭാഗം 1 ചട്ടം 88 പ്രകാരം ടി കാലയളവ് ആർജ്ജിതാവധിക്ക് പരിഗണിയ്ക്കുകയില്ല എന്ന വ്യവസ്ഥയിൽ ശൂന്യവേതന അവധി അനുവദിച്ച് 23.11.2021-ലെ സ.ഉ(സാധാ) നം.2598/2021/ആ.കു.വ ഉത്തരവാകുകയും ചെയ്തു.

## തീരുമാനിക്കേണ്ട വിഷയം

കോടതിയലക്ഷ്യ നടപടികൾ കണക്കിലെടുത്ത്, കേശവപുരം സാമൂഹികാരോഗ്യകേന്ദ്രത്തിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-II, ശ്രീമതി.രമാദേവി. ബി.ആർ -ന് 26.02.2001 മുതൽ 31.12.2001 വരെ കെ.എസ് .ആർ ഭാഗം 1 ചട്ടം 88 പ്രകാരം മെഡിക്കൽ ഗ്രൗണ്ടിൽ ശൂന്യവേതനാവധി അനുവദിച്ച്, നൽകി 23.11.2021 തീയതിയിൽ സ.ഉ.(സാധാ)നം .2598 /2021 /ആ.കു.വ ഉത്തരവ് പുറപ്പെടുവിച്ച നടപടി സാധൂകരിക്കാവുന്നതാണോ ?